**ഭരണഭാഷ–മാതൃഭാഷ**

നമ്പർ ഡിഎം1–183902/18 കളക്ടറേറ്റ്,പത്തനംതിട്ട

തീയതി: 03–01 –2022 9 pm

**പത്രക്കുറിപ്പ്**

**ജാഗ്രതാ നിർദ്ദേശം**

കെ എസ് ഇ ബി ലിമിറ്റെഡിന്റെ അധീനതയിലുള്ള കക്കാട് പവർ ഹൗസിൻറെ ഒരു ജെനറേറ്റർ അറ്റ കുറ്റപണിക്കു വേണ്ടി നിർത്തി വെച്ചതിനാൽ മൂഴിയാർ ഡാമിന്റെ ജല നിരപ്പ് ഉയർന്നു കൊണ്ടിരിക്കയാണ്. ജല നിരപ്പ് 190 മീറ്റർ എത്തിയപ്പോൾ ഇന്ന് വൈകിട്ട് (03/01/2022) 5.00 മണിക്കു റെഡ് അലേർട്ട് പ്രഖ്യാപിച്ചിട്ടുള്ളതാണ്. ഇത് 192.63 മീറ്ററായി ഉയരുന്ന സാഹചര്യത്തിൽ 04/01/2022 രാവിലെ 6.00 മണിക്കു ശേഷം മൂഴിയാർ ഡാമിന്റെ 3 ഷട്ടറുകൾ പരമാവധി 30 സെന്റി മീറ്റർ എന്ന തോതിൽ ഉയർത്തി 51.36 ക്യുമെക്സ് എന്ന നിരക്കിൽ ജലം കക്കാട്ട് ആറിലേക്ക് ഒഴുക്കി വിടുന്നതാണ്. ഷട്ടറുകൾ ഉയർത്തുന്നത് മൂലം നദികളിൽ 15 സെ.മി. വരെ ജലനിരപ്പ് ഉയർന്നേക്കാം .

ഇപ്രകാരം തുറന്നു വിടുന്ന ജലം മൂഴിയാർ ഡാമിൽ നിന്നും കക്കാട് പവർ ഹൗസ് വരെ എത്താൻ ഏകദേശം 02 മണിക്കൂർ സമയം എടുക്കും. ഈ സാഹചര്യത്തിൽ കക്കാട്ടാറിന്റെയും, പ്രത്യേകിച്ച് കക്കാട്ടാറിന്റെ കൊച്ചാണ്ടി മുതൽ കക്കാട് പവർ ഹൗസ് വരെയുള്ള ഇരു കരകളിൽ താമസിക്കുന്നവരും, പമ്പയാറിന്റെയും തീരത്ത് താമസിക്കുന്ന ആളുകളും മണിയാർ,പെരുനാട്,വടശ്ശേരിക്കര, റാന്നി, കോഴഞ്ചേരി, ആറന്മുള നിവാസികളും പൊതുജനങ്ങളും ജാഗ്രതാ പുലർത്തേണ്ടതും, നദികളിൽ ഇറങ്ങുന്നത് ഏതു സാഹചര്യത്തിലും ഒഴിവാക്കേണ്ടതുമാണ് എന്നറിയിക്കുന്നു .

(ഒപ്പ്)

**ഡോ. ദിവ്യ എസ് അയ്യർ ഐ എ എസ്**

ചെയർപേഴ്സൺ, ജില്ലാ ദുരന്തനിവാരണ അതോറിറ്റി

& ജില്ലാ കളക്ടർ, പത്തനംതിട്ട

പകർപ്പ് :- 1. ജില്ലാ ഇൻഫർമേഷൻ ആഫീസർ, പത്തനംതിട്ട (പത്ര ദൃശ്യ ശ്രവ്യ സാമൂഹ്യ മാധ്യമങ്ങൾ വഴി പ്രസിദ്ധീകരണത്തിനും വ്യാപക പ്രചാരണത്തിനും)

2. ജില്ലാ ഇൻഫോമാറ്റിക്സ് ആഫീസർ, പത്തനംതിട്ട (വെബ് സൈറ്റിൽ പ്രസിദ്ധീകരണത്തിന്നായി )

More details:Please visit https://pathanamthitta.nic.in/en/dm-warnings/